24 (2209) പി.എസ്.സി. ലിസ്റ്റിൽനിന്നുള്ള നിയമനം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ലെപ്രസി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തിരം തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഈ ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും;

(ഡി) ഈ തസ്തികയിലേക്ക് ഇപ്പോൾ ഒഴിവുകൾ നിലവിലുണ്ടോ;

(ഇ) ഈ ലിസ്റ്റിൽനിന്നും പരമാവധി ആളുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) രണ്ട് പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) 2.7.97-ൽ അവസാനിച്ചു.

(ഡി) ഇല്ല.

(ഇ) ലിസ്റ്റിന്റെ കാലാവധി 2.7.97-ൽ അവസാനിച്ചു. മാത്രവുമല്ല ഇപ്രകാരം നിയമനത്തിനായി നീക്കിവച്ചിരുന്ന രണ്ട് ഒഴിവുകളിലും ആളിനെ നിയമിച്ചുകഴിഞ്ഞു.

25 (2210) പി.എസ്.സി. നിയമനത്തിലെ സംവരണം

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ളിക് സർവ്വീസ് കമ്മിഷന്റെ 28.9.1983 ലെ 23/83-ാം നമ്പർ സർക്കുലറിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) സംവരണ വ്യവസ്ഥ പാലിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാലകളിലെ നിയമനങ്ങൾക്കും കെ.എസ്.ആന്റ് എസ്.എസ്. ആർ 15 (സി) ബാധകമാണോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

26 (2211) ബി.ഡി.ഒ. പരീക്ഷാ ഫലം

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവസാനമായി പി.എസ്.സി. നടത്തിയ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രിലിമിനറി പരീക്ഷയുടെ പരീ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷാഫലം നാലുവർഷം കഴിഞ്ഞിട്ടും പ്രസിദ്ധീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. നടത്തുന്ന ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പ്രിലിമിനറി പരീക്ഷയുടെ ഫലം 31.03.99 ന് പ്രസിദ്ധീകരിച്ചു.

(ബി) ഉണ്ട്.

27 (2212) ഇന്ദിരാഗാന്ധി എൻ.എസ്.എസ് അവാർഡ്

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97 വർഷത്തെ ദേശീയ തലത്തിൽ ഏറ്റവും മികച്ച എൻ. എസ്.എസ്. വോളണ്ടിയർക്ക് നൽകുന്ന ഇന്ദിരാഗാന്ധി എൻ.എസ്.എസ്. അവാർഡ് സംസ്ഥാനത്ത് ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം;

(ബി) ഈ രംഗത്ത് മികച്ച സംഭാവനകൾ നൽകിയിട്ടുള്ള ഈ ദേശീയ അവാർഡ് ജേതാക്കൾക്ക് ഭാവിയിൽ ഉപകാരപ്രദമായ എന്തെങ്കിലും പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ദേശീയ പുരസ്ക്കാരം ലഭിച്ച ഇവർക്കും യുവജനക്ഷേമ വകുപ്പിലോ, സാമൂഹ്യക്ഷേമ വകുപ്പിലോ ജോലി നൽകുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി)&(സി) പരിശോധിക്കുന്നതാണ്.

28 (2213) ഖാദി -ഹിന്ദി പ്രചാരകർക്കുള്ള പെൻഷൻ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി-ഹിന്ദി പ്രചാരകർക്ക് നൽകിവന്നിരുന്ന പെൻഷൻ നിർത്തിവച്ചത് പുനഃപരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ബി) പ്രസ്തുത പെൻഷൻ വീണ്ടും നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഖാദി-ഹിന്ദി പ്രചാരകർക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും കേസ്സ് ഹൈക്കോടതിയിൽ നിലവിലുണ്ടോ എന്നും; ഈ കേസ്സുകളിൽ എന്തെങ്കിലും ഉത്തരവ് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly